# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 11 (a)/2025** **തിരുവനന്തപുരം, തീയതി: 16/01/2025**

## പത്രക്കുറിപ്പ്

## മഹാകവി കുമാരനാശാന്റെ 101–ാം ചരമവാർഷികം ആഘോഷിക്കുന്നു

മഹാകവി കുമാരനാശാന്റെ 101–ാം ചരമവാർഷികം, ആശാൻ കൃതികളെ സംബന്ധിച്ചുള്ള പ്രഭാഷണങ്ങളും രംഗാവതരണവും ഉൾപ്പെടുത്തി 2025 ജനുവരി 17–ന് കേരളസർവകലാശാല മലയാളവിഭാഗവും സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി ആചരിക്കുന്നു. കേരള സർവകലാശാല മലയാളവിഭാഗം സെമിനാർ ഹാളിൽ രാവിലെ 10 മണിക്ക് സാക്ഷരതാ മിഷൻ ഡയറക്ടർ ശ്രീമതി. എ. ജി. ഒലീന ഉദ്ഘാടനം ചെയ്യും. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ പ്രൊഫസർ ഡോ. സുനിൽ പി. ഇളയിടം മുഖ്യപ്രഭാഷണം നടത്തും. ഉച്ചയ്ക്ക് ശേഷം കവി ഗിരീഷ് പുലിയൂർ പ്രഭാഷണം നടത്തും. തുടർന്ന് കുമാരനാശാന്റെ കൃതികളും ജീവിതവും ആധാരമാക്കി, വിദ്യാർഥികൾ രംഗാവതരണം നടത്തും. പരിപാടിയിൽ മലയാളവിഭാഗം അധ്യക്ഷ ഡോ. സീമാ ജെറോം, സ്കൂൾ ഓഫ് ഇന്ത്യൻ ലാംഗ്വേജസ് ഡയറക്ടർ ഡോ. ആർ. ജയചന്ദ്രൻ, സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് സബ് എഡിറ്റർ ശ്രീമതി. ജയന്തി കുമാരി, മലയാളവിഭാഗം പ്രൊഫസർ ഡോ.എം.എ.സിദ്ദിഖ് എന്നിവർ സംസാരിക്കും.

(Brochure ഉൾപ്പെടുത്തിയിട്ടുണ്ട്)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
Whats App No. 8547330240